ഹാന്റ്ക്സ് ഡയറക്ടറുടെ വിമാനയാത്ര

146 [736] ശ്രീ. സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാന്റ്ക്സ് ഡയറക്ടർ ശ്രീ. എൻ. വിമലൻ അനുവാദം കൂടാതെ തുടർച്ചയായി വിദേശയാത്ര നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2003 ഏപ്രിൽ, സെപ്റ്റംബർ മാസങ്ങളിൽ പ്രസ്തുത ഉദ്യോഗസ്ഥൻ നടത്തിയ വിദേശ യാത്രക്ക് നിയമപ്രകാരം അനുമതി വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം അറിയിക്കുമോ;

(സി) 12-1-2004-ൽ ഇദ്ദേഹം ഔദ്യോഗിക ചുമതല മറ്റാരെയും ഏൽപ്പിക്കാതെ ജർമ്മനിയിലേക്ക് യാത്ര തിരിച്ചിട്ടുള്ളത് സർക്കാർ അനുവാദത്തോടെയാണോ; ആണെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഹാന്റ്ക്സ് ഡയറക്ടർ നാളിതുവരെ നടത്തിയിട്ടുള്ള മുഴുവൻ വിദേശ പര്യടനങ്ങളുടേയും പൂർണ്ണ വിവരം ലഭ്യമാക്കുമോ;

(ഇ) ഇതുവരെ നടത്തിയ പര്യടനങ്ങൾ വഴി ഹാന്റ്ക്സിനുണ്ടായ നേട്ടങ്ങളും ഇതിനുവേണ്ടിവന്ന ചെലവും വെളിപ്പെടുത്തുമോ;

(എഫ്) സന്ദർശനങ്ങളുടെ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ജി) വിദേശയാത്ര അനുവാദം കൂടാതെയാണെങ്കിൽ നിയമാനുസൃതമായ ശിക്ഷണ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തുടർച്ചയായി വിദേശയാത്ര ഒദ്യോഗികമായി നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത ഉദ്യോഗസ്ഥൻ ഇക്കാലത്ത് നടത്തിയ ഔദ്യോഗിക ആവശ്യങ്ങൾക്കായി വിദേശ യാത്രക്ക് അനുമതി ആവശ്യപ്പെട്ടതായി രേഖകളില്ല.

(സി) ജർമ്മനിയിൽ ഫ്രാങ്ക് ഫ്രർട്ടിൽ നടന്ന ഇന്റർനാഷണൽ ഫെയറിൽ പങ്കെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ഡി—എഫ്) വിവരം ശേഖരിച്ചുവരുന്നു.

(ജി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly